പത്രക്കുറിപ്പ്
26-8-2020

### കോവിഡ് കാലത്തെ ഓണം:

## ന്യായവിലയ്ക്ക് ഉൽപന്നങ്ങളുമായി സംസ്ഥാനമൊട്ടാകെ കുടുംബശ്രീ ഓണച്ചന്തകൾ

തിരുവനന്തപുരം: കോവിഡ് 19 പശ്ചാത്തലത്തിൽ സർക്കാർ നിഷ്കർഷിച്ച പ്രത്യേക മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് ഓണം വിപണിയിൽ ന്യായവിലയ്ക്ക് ഉൽപന്നങ്ങൾ ലഭ്യമാക്കാൻ കുടുംബശ്രീ. ഇതിന്റെ ഭാഗമായി 26 മുതൽ 31 വരെ സംസ്ഥാനമൊട്ടാകെ കുടുംബശ്രീയുടെ നേതൃത്വത്തിൽ ആയിരത്തോളം ഓണചന്തകൾ സംഘടിപ്പിക്കും. ഇത്തവണ ഓണം വിപണിയിൽ നിന്നും പത്തു കോടി രൂപയുടെ വിറ്റുവരവാണ് കുടുംബശ്രീ പ്രതീക്ഷിക്കുന്നത്.

ഈ വർഷം ജില്ലാ മിഷന്റെ നേതൃത്വത്തിൽ സിഡിഎസ്തല വിപണന മേളകൾക്കാണ് മുൻതൂക്കം നൽകിയിട്ടുള്ളത്. ഇതു പ്രകാരം കേരളത്തിലെ 941 ഗ്രാമ സിഡിഎസുകളിലും നഗരമേഖലയിലെ 124 സിഡിഎസുകളിലുമാണ് ഓണം വിപണന മേളകൾ സംഘടിപ്പിക്കുന്നത്. ഇതു കൂടാതെ നിലവിലെ സാഹചര്യങ്ങൾക്കനുസൃതമായി ആവശ്യമെങ്കിൽ ജില്ലാതല ഓണച്ചന്തകൾ സംഘടിപ്പിക്കാനും ജില്ലാമിഷൻ അധികൃതർക്ക് അനുമതി നൽകിയിട്ടുണ്ട്. സപ്ളൈക്കോയുമായി സഹകരിച്ചു കൊണ്ട് പല ജില്ലകളിലും ഇതിനകം ഓണം വിപണന മേളകൾ തുടങ്ങി കഴിഞ്ഞു. കോവിഡ് പശ്ചാത്തലത്തിൽ കുടുംബശ്രീ ഓണച്ചന്തകളിൽ സാമൂഹ്യ അകലം പാലിച്ചുകൊണ്ടാണ് വിൽപന. കൂടാതെ എല്ലാ വിപണന കേന്ദ്രങ്ങളിലും കൈ കഴുകുന്നതിനുള്ള സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ഓണച്ചന്തകൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി പ്ളാസ്റ്റിക് പൂർണമായും ഒഴിവാക്കും.

കുടുംബശ്രീ സംസ്ഥാന മിഷൻ മാർക്കറ്റിങ്ങ് വിഭാഗത്തിന്റെ മേൽനോട്ടത്തിലാണ് ഇത്തവണ ഓണം വിപണന മേളകൾ സംഘടിപ്പിക്കുന്നത്. ഇരുപതിനായിരത്തോളം സംരംഭകരും ഓണച്ചന്തയിൽ സജീവമാകും. ഓണത്തിന് ന്യായവിലയ്ക്ക് വിഷവിമുക്ത പച്ചക്കറികളും പഴങ്ങളും ഗുണനിലവാരം ഉറപ്പുവരുത്തിയ മറ്റു ഭക്ഷ്യ ഉൽപന്നങ്ങളും ലഭ്യമാക്കുക എന്നതിനൊപ്പം ഓണവിപണിയിൽ നിന്നും അയൽക്കൂട്ട വനിതകൾക്ക് പരമാവധി വരുമാനം നേടിക്കൊടുക്കുന്നതിനും കുടുംബശ്രീ ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് കുടുംബശ്രീയുടെ കീഴിലുള്ള കർഷക സംഘങ്ങൾ ഉൽപാദിപ്പിക്കുന്ന കാർഷിക ഉൽപന്നങ്ങളും കൂടാതെ സൂക്ഷ്മസംരംഭ മേഖലയിൽ നിന്നുള്ള കാർഷികേതര ഉൽപന്നങ്ങളും വിപണിയിലെത്തിക്കും.

സംഘക്കൃഷിയിലൂടെ കുടുംബശ്രീ പ്രവർത്തകർ ഉൽപാദിപ്പിച്ച പച്ചക്കറികൾ, പഴങ്ങൾ, ധാന്യങ്ങൾ എന്നിവയ്ക്കു പുറമേ കുടുംബശ്രീ സൂക്ഷ്മസംരംഭ യൂണിറ്റുകൾ ഉൽപാദിപ്പിക്കുന്ന വൈവിധ്യമാർന്ന ഉൽപന്നങ്ങളായ അച്ചാറുകൾ, പലഹാരങ്ങൾ, കറി പൗഡറുകൾ, തേൻ, കരകൗശല വസ്തുക്കൾ, അലങ്കാര വസ്തുക്കൾ, വസ്ത്രങ്ങൾ എന്നിവയും വിവിധ മൂല്യവർധിത ഉൽപന്നങ്ങളും ഓണച്ചന്തയിൽ നിന്നു ലഭിക്കും. ഓരോ അയൽക്കൂട്ടത്തിൽ നിന്നും കുറഞ്ഞത് ഒരുൽപന്നമെങ്കിലും സിഡിഎസ്തല വിപണന മേളകളിൽ ലഭ്യമാക്കും.

ഓണച്ചന്തകളിൽ കുടുംബശ്രീ സംവിധാനത്തിൽ ഉൾപ്പെടുന്ന എല്ലാ വ്യക്തിഗത-ഗ്രൂപ്പു സംരംഭകരുടെയും പൂർണ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി സംസ്ഥാന ജില്ലാമിഷനുകൾ വിപുലമായ ഒരുക്കങ്ങളും നടത്തിവരികയാണ്. ജില്ലാതല ഓണച്ചന്തകളോടനുബന്ധിച്ച് കുടുംബശ്രീ വനിതകളും ബാലസഭാംഗങ്ങളും അവതരിപ്പിക്കുന്ന ഓൺലൈൻ കലാപരിപാടികൾ നടന്നു വരികയാണ്. സിഡിഎസ്തല ഓണച്ചന്തകളുടെ സുഗമമായ നടത്തിപ്പിന് അതത് ജില്ലാമിഷൻ കോ-ഓർഡിനേറ്റർ അധ്യക്ഷനും സൂക്ഷ്മസംരംഭ-വിപണന വികസനത്തിനു ചുമതലയുള്ള അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ കൺവീനറുമായുള്ള ജില്ലാതല ഓണം വിപണന കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കോവിഡ് 19 സാഹചര്യത്തിൽ കാർഷിക സൂക്ഷ്മസംരംഭ മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭകർക്ക് ഓണവിപണിയിലൂടെ പുത്തനുണർവ് ലഭിക്കുമെന്നാണ് പ്രതീക്ഷ.

എക്സിക്യൂട്ടീവ് ഡയറക്ടർ

കുടുംബശ്രീ